

# അങ്ങ്...അകലെ...അക്കരെ

## ✦ പാപത്തിന്റെ ഉത്ഭവം

ഭൂമിയിലെ ആദ്യ മാതാപിതാക്കളായിരുന്ന ആദം - ഹവ്വമാർമൂലം ഈ തലമുറവരെയുള്ള എല്ലാവരിലും, എല്ലാവരുടേയും എല്ലാ അവയവങ്ങളിലും തുല്യമായി പടർന്നുപിടിച്ചിരിക്കുന്നതും നാശം വിതയ്ക്കുന്നതും, മനുഷ്യഹൃദയത്തെ കാർന്നുതിന്നുന്നതും, മാരകമായതും, ശമനം ലഭിക്കാത്തതുമായ ഒരു പകർച്ചവ്യാധിയത്രേ പാപം. ഈ കാലഘട്ടത്തിലെ മാരകരോഗങ്ങളുടെ കാഠിന്യത്താൽ മനുഷ്യന്റെ ഭൂവാസത്തിന് ദൈർഘ്യം കുറയുമ്പോൾ, പാപത്തിന്റെ പ്രസരിപ്പുമൂലം മനുഷ്യൻ ദൈവത്തിൽനിന്നകലുകയും മനുഷ്യനു വേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന സ്വർഗ്ഗം നഷ്ടമാകുവാൻ കാരണമായിത്തീരുകയും ചെയ്യുന്നു.

ദൈവം മനുഷ്യന് വസിക്കുവാനായി കൊടുത്തതാണ് ഭൂമി. നാം ഇവിടെ പഠിക്കുന്നു, പണിയുന്നു, പണം സമ്പാദിക്കുന്നു. എന്നിട്ടും എന്തോ കുറവ് അനുഭവപ്പെടുന്നു. അത് മറ്റൊന്നുമല്ല. സമാധാനം, സന്തോഷം, ഇത് ലോകത്തിന് തരുവാൻ കഴിയില്ല. ക്രിസ്തു പറയുന്നു "എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു ലോകം തരുന്നതുപോലെയല്ല." നിത്യതയോളം അത് നിലനിൽക്കുന്നു. ഇവിടുത്തെ ഉല്ലാസങ്ങളും, ആഹ്ളാദങ്ങളും തൽക്കാലത്തേക്കുമാത്രം. വീണ്ടും ഹൃദയത്തിൽ ഒരു ശൂന്യത, എന്തോ ഒന്നിനായി ദാഹിക്കുന്നു. ക്രിസ്തു എന്ന രക്ഷിതാവ് മനുഷ്യഹൃദയത്തിൽ സ്ഥാനം പിടിക്കുംവരെ ഇത് തുടർന്നുകൊണ്ടിരിക്കും. യേശു പറയുന്നു "ദാഹിക്കുന്നവനെല്ലാം എന്റെയടുക്കൽവന്ന് കുടിക്കട്ടെ - ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവയായിത്തീരും."

## ✦ പാപത്തിന്റെ ഫലം

**മരണം**, ബൈബിൾ പറയുന്നു "പാപത്തിന്റെ ശമ്പളം മരണമത്രേ." അതെ, മനുഷ്യന്റെ ഒടുവിലത്തെ ശത്രു, എല്ലാ ശക്തിയോടും എതിർത്തും ചെറുത്തും നിൽക്കുവാൻ കഴിയുന്ന മനുഷ്യൻ മരണത്തിന്റെ മുമ്പിൽ നിസ്സഹായനായിത്തീരുന്നു. മരണത്തിന് പ്രായ, വർണ്ണ, വർഗ്ഗ, ഭാഷാവ്യത്യാസമില്ല. ആർക്കും പരാജയപ്പെടുത്തുവാൻ സാധിക്കാത്ത ഒരു സാർവ്വത്രിക യാഥാർത്ഥ്യം. ലോകത്ത് ഇന്ന് ഒരു സെക്കന്റിൽ മൂന്നുപേർവീതം മരിച്ചുകൊണ്ടിരിക്കുന്നു. സ്നേഹിതാ താങ്കൾ ഇതിനകം ആയുസ്സിൽ എത്രയോ സെക്കന്റുകൾ പിന്നിട്ടുകഴിഞ്ഞു. ഇതിനുള്ളിൽ അനേകർ ഈ ലോകത്തുനിന്ന് എന്നെന്നേക്കു

മായി ഉറ്റവരേയും ഉടയവരേയും വിട്ട് ഒരിക്കലും മടങ്ങിവരാത്ത ലോകത്തേക്ക് പോയിക്കഴിഞ്ഞു. മരണം താങ്കളേയും വേട്ടയാടിക്കൊണ്ടിരിക്കുന്നു, എന്നാൽ താങ്കൾ മൃത്യൂവിന് ഇരയാകാത്തത് ദൈവം നിന്നെ സ്നേഹിക്കുന്നതുമൂലമാണ്. ദൈവത്തിന് നിന്നെ മുഴുവനായും ആവശ്യമുണ്ട്. പ്രപഞ്ച സ്രഷ്ടാവായമായ യേശുക്രിസ്തുവിന് നിനക്ക് ഒരു പുതിയ ഹൃദയം നൽകി നിന്നെ ഒരു പുതുമനുഷ്യനാക്കിത്തീർക്കുവാൻ കഴിയും. ബൈബിൾ പറയുന്നു "നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും." "അവനെ (യേശുവിനെ) കൈകൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവനധികാരം കൊടുത്തു." "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."

എന്താണ് മരണം? ആത്മാവാകുന്ന പക്ഷി ശരീരമാകുന്ന കൂടുവിട്ട് പറന്നകലുകയാണ്. കുറച്ചുനാൾമാത്രം നാം ഈ കൂടിനുള്ളിൽ വസിക്കുന്നു, ശരീരം ആത്മാവിനു വസിക്കുവാനുള്ള ഒരു പുറംചട്ട മാത്രം. ഇതിനെ നാം സ്നേഹിക്കുന്നു, പുഷ്ടിപ്പെടുത്തുന്നു, അണിയിക്കുന്നു. എന്നാൽ ഇതിനുള്ളിലുള്ള ആത്മാവിന് മരണമില്ല. ഇതിനൊരു നിത്യസങ്കേതം നാം കണ്ടെത്തണം. യേശുവിനെ ഹൃദയത്തിൽ സ്വീകരിക്കുന്ന മാത്രയിൽ നമ്മുടെ ആത്മാവ് സംതൃപ്തിയടയുന്നു. മരണം അന്ത്യമല്ല. അത് ജീവിതത്തിന്റെ തുടക്കവും, യാഥാർത്ഥ്യത്തിലേക്ക് കടക്കുകയുമാണ്". യേശു പറഞ്ഞു "എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും". താങ്കൾ ജീവനോടെ ഇരിക്കുമ്പോൾ യേശുവിനെ രക്ഷകനായി ഹൃദയത്തിൽ സ്വീകരിച്ച് പാപമുക്തി പ്രാപിച്ച് ജീവിതം അർത്ഥസമ്പുഷ്ടമാക്കിത്തീർക്കുക. നിന്റെ ആത്മാവിന്റെ അവകാശി യേശു മാത്രമായിരിക്കട്ടെ.

### ✶ പാപക്ഷമയുടെ ഫലം

**സ്വർഗ്ഗം**, വിശുദ്ധന്മാർക്ക് വസിക്കുവാൻ ദൈവം ഒരുക്കിയ സ്ഥലം. ദൈവഭക്തനായ ലാസർ മരിച്ചപ്പോൾ ദൂതന്മാർ അവനെ ഏറ്റുവാങ്ങി സ്വർഗ്ഗത്തിലേക്കാനയിച്ചു. സ്തേഫാനോസിനെ സ്വീകരിക്കുവാൻ സ്വർഗ്ഗം തുറന്നു. ആസന്നഭാവിയിൽ യേശുവിനെ രക്ഷകനായി സ്വീകരിച്ച വിശുദ്ധന്മാരെ സ്വീകരിക്കുവാൻ സ്വർഗ്ഗം തുറക്കുവാൻ പോകുന്നു. സ്വർഗ്ഗത്തിലെത്തുവാൻ കുറുക്കുവഴികളില്ല. യേശു പറയുന്നു "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു ഞാൻ

മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ (സ്വർഗ്ഗത്തിൽ) എത്തുന്നില്ല" സ്നേഹിതാ, ഭൂമിയിലെ വാസത്തിന് തിരശ്ശീല വീഴുമ്പോൾ നിന്നെ ആര് ഏറ്റുവാങ്ങും? യേശുവിന്റെ കരങ്ങളിൽ അഭയം തേടുക. അവൻ നിന്നെ മാറോടണയ്ക്കും. ആശ്ലേഷിക്കും. അസമാധാനം, നിരാശ, ഏകാന്തത, ഭീതി ഇവ മാറ്റി സന്തോഷവും, സമാധാനവും പ്രത്യാശയും നൽകും. ജീവപുസ്തകത്തിൽ നിന്റെ പേരും അവൻ എഴുതിവയ്ക്കും. ക്രിസ്തു നിന്റെ ഹൃദയവാതിൽക്കൽനിന്ന് മുട്ടുന്നു. ഇവിടെ ക്രിസ്തുവിനുവേണ്ടി വാതിൽ തുറന്നുകൊടുത്താൽ സ്വർഗ്ഗത്തിൽ ക്രിസ്തു നിനക്കായി വാതിൽ തുറന്നുതരും. ക്രിസ്തുവിന് വസിക്കുവാൻ നിന്റെ ഹൃദയം തുറക്കുവാൻ കഴിയുന്നില്ലെങ്കിൽ നിനക്കുവസിക്കുവാനുള്ള സ്വർഗ്ഗവും എന്നും അടഞ്ഞുകിടക്കും. ഇത് കൃപയുടെ യുഗമാണ് രക്ഷ എന്ന മഹാനൗകയുടെ വാതിൽ അടയുംമുമ്പേ അതിലൂടെ കയറി നിത്യത ഉറപ്പാക്കുക.

ദൈവഭക്തനായ വിശുദ്ധ പൗലോസ് മരണം മൂലമുള്ള വേർപാടിനെ വർണ്ണിക്കുന്നത് നങ്കൂരമടിച്ചിരിക്കുന്ന ഒരു കപ്പൽ മറുതീരത്തേക്ക് യാത്ര പുറപ്പെടുന്നതുപോലെയാണ്. ആ കപ്പൽ യാത്ര തുടങ്ങുവാൻ സമയമായി. ശാസ്ത്രീയവും, പ്രാപഞ്ചികവും പ്രവചനീയവുമായ വിഷയങ്ങൾ ചേർത്തു പഠിക്കുമ്പോൾ യേശു തന്നിൽ വിശ്വാസമർപ്പിച്ചിരിക്കുന്ന വിശുദ്ധന്മാരെ ചേർത്തുകൊണ്ട് സ്വർഗ്ഗത്തിലേക്കുള്ള യാത്രയ്ക്ക് ഒരുക്കങ്ങൾ പൂർത്തിയാവുന്നു. കപ്പലിന്റെ നങ്കൂരം മാറ്റുവാൻ ഇനിയും ഏതാനും നിമിഷങ്ങൾ മാത്രം. യേശുവിലൂടെ രക്ഷാപൂർത്തി പ്രാപിച്ചവരുമായി യാത്ര തുടങ്ങിക്കഴിയുമ്പോൾ **അങ്ങ്... അകലെ... അക്കരെ...** ദൈവദൂതന്മാരടങ്ങിയ ഒരു സ്വാഗതസംഘം കാത്തുനിൽപ്പുണ്ടാകും. പ്രിയ സഹോദരാ, സഹോദരി, നിങ്ങളും ഈ തീർത്ഥാടകരിൽ ഒരാളായെങ്കിൽ....

ബൈബിൾ സംബന്ധമായി കൂടുതൽ പഠിക്കുവാനാഗ്രഹിക്കുന്നവർക്ക് തപാലിലൂടെ വീട്ടിലിരുന്ന് പഠിക്കുവാൻ ഞങ്ങൾ സൗകര്യമൊരുക്കുന്നു.
***കൂടുതൽ വിവരങ്ങൾക്ക് എഴുതുക :***

**FELLOWSHIP TRACT LEAGUE**
P.O. BOX 164 • LEBANON, OH 45036
www.fellowshiptractleague.org © Tract 5645 (Malayalam)
All tracts free as the Lord provides. Not to be sold.